(ബി) പല ജില്ലാ ആസ്ഥാനങ്ങളിലും ജീവൻരക്ഷാ ഔഷധങ്ങളുടെ സുഗമമായ വിതരണത്തിന് സംവിധാനങ്ങളില്ലാത്തതിനാൽ രോഗികൾ വളരെയേറെ ബുദ്ധിമുട്ടുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജീവൻരക്ഷാ ഔഷധങ്ങളുടെ വിതരണത്തിനായി ഏതൊക്കെ ജില്ലകളിൽ ജില്ലാതല വില്പനശാലകൾ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ ജില്ലകളിലും ഇത്തരം ജില്ലാതല വില്പനശാലകൾ തുറക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യമരുന്നുകൾ (essential drugs) വിവിധ ആശുപത്രികളിൽനിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ജില്ലാതല വിൽപ്പനശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുവിതരണം ചെയ്യുവാനുള്ള വെയർ ഹൗസുകൾ 14 ജില്ല കളിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്ക് വേണ്ട മരുന്നുകൾ മിതവിലയ്ക്ക് വിൽക്കുന്നതിനായി കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വില്പന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണം

7 (453) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുടെ വില ക്രമാതീതമായ രീതിയിൽ വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിലവർദ്ധന നിയന്ത്രണവിധേയമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജീവൻരക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, വില നിയന്ത്രണവിധേയമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി വില നിയന്ത്രണം ബാധകമാക്കിയിട്ടുള്ള മരുന്നുകൾക്ക് അധിക വില നിശ്ചയിച്ചിട്ടുള്ളതായി കണ്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിവരം നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുണ്ട്. പരമാവധി വിലയിൽ നിന്നും കൂടുതലായി വില ഈടാക്കുന്ന മെഡിക്കൽഷോപ്പുകൾക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ജീവൻരക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ഇൻസ്പെക്ടർ കമ്പോളത്തിൽ നിന്നും മരുന്നു സാമ്പിളുകൾ എടുത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അധീനതയിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് നൽകുന്നു. ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ നിയന്ത്രണത്തിൽ അനലിസ്റ്റുകൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. വില നിയന്ത്രിക്കുന്നതിനുള്ള അധികാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിനില്ല. നീതി മെഡിക്കൽ സ്റ്റോറുകൾവഴിയും മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറുകൾ വഴിയും സപ്ലൈകോ ന്യായവില ഷോപ്പുകൾവഴിയും പരമാവധി വിൽപനവിലയിൽനിന്നും വിലകുറച്ച് സാധാരണക്കാർക്ക് മരുന്നു ലഭ്യമാക്കുന്നതിന് ഇപ്പോൾ സംവിധാനമുണ്ട്.

പേവിഷബാധ വാക്സിൻ സൗജന്യമായി ലഭ്യമാക്കാൻ നടപടി

8 (454) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേവിഷബാധയേറ്റ് ചികിത്സയ്ക്കെത്തുന്ന എല്ലാ രോഗികൾക്കും വാക്സിന്റെ അഭാവംമൂലം ചികിത്സ ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിച്ചുവരുന്ന തെരുവുനായശല്യവും പേവിഷബാധയും മുൻനിർത്തി എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള വാക്സിൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇപ്പോൾ പേവിഷബാധയ്ക്കുള്ള എല്ലാ മരുന്നുകളും സൗജന്യമായാണോ വിതരണം ചെയ്യുന്നത് ; ഇല്ലെങ്കിൽ ഇതിനുള്ള നിർദ്ദേശം നൽകുമോ എന്നുവ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധക്കുള്ള വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.